മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 25

# വാർത്താക്കുറിപ്പ്

## മെഗാ തൊഴിൽമേള - 'ബ്രൈറ്റ് മൈൻഡ്സ് 2022' നാളെ

എം.ജി. സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ കോട്ടയം, എംപ്ലോയബിലിറ്റി സെന്റർ കോട്ടയം എന്നിവയുടെ സഹകരണത്തോടെ ആഗസ്റ്റ് 27 ന് യൂണിവോഴ്സിറ്റി ക്യാമ്പസ്സിൽ നടക്കുന്ന 'ബ്രൈറ്റ് മൈൻഡ്സ് 2022' മെഗാ തൊഴിൽ മേള വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും.

(പി.ആർ.ഒ./39/1223 /2022)

## കുടിയേറ്റ പഠനങ്ങളുടെ പ്രസക്തി വർദ്ധിക്കുന്നു

ആധുനിക കേരളത്തിന്റെ നിർമിതിക്കും അതു സംബന്ധിച്ച ബൗദ്ധിക വ്യവഹാരങ്ങൾക്കും കുടിയേറ്റ പഠനങ്ങൾ സവിശേഷ പ്രസക്തിയും പ്രാധാന്യവുമുള്ളതാണെന്നു കേരള ചരിത്ര ഗവേഷണ കൗൺസിൽ ചെയർമാൻ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ പറഞ്ഞു. ചരിത്ര ഗവേഷണ കൗൺസിലും മഹാത്മാഗാന്ധി സർവലകശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസേർച്ചും സംയുക്തമായി നടത്തുന്ന യുവഗവേഷകരുടെ 'മൈഗ്രേഷൻ ആന്റ് മൊബിലിറ്റി' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ശില്പശാലയിൽ സംസാരിക്കുകയായിരിക്കുന്നു അദ്ദേഹം. അരനൂറ്റാണ്ട് മുമ്പ് റോമില്ല ഥാപ്പർ, ആർ. എസ് ശർമ്മ. സതീഷ് ചന്ദ്ര തുടങ്ങിയവർ പങ്കെടുത്ത കോഴിക്കോട് സർവകലാശാലയിലെ ഒരു ശില്പശാലയാണ് തന്നിലെ ചരിത്രകാരനെ വാർത്തെടുത്തതെന്നു തരകൻ ഓർത്തു. പുതിയ തലമുറ തങ്ങളുടെ ഭാവി ഭാഗധേയം ഇത്തരം ബൗദ്ധിക ഇടപെടലുകളിലൂടെയാണ് തിരിച്ചറിയേണ്ടത്. ശില്പശാലയിൽ കൗൺസിൽ ഡയറക്ടർ പ്രൊഫ. ജി. അരുണിമ (ജവാഹർലാൽ നെഹ്റു സർവകലാശാല), കൗൺസിലെ സ്കോളർ ഇൻ റെസിഡൻസും ഹൈദ്രാബാദ് സർവലകശാലയിൽ ഹിസ്റ്ററി പ്രൊഫസറുമായ ഡോ. വി.ജെ. വർഗ്ഗീസ് തുടങ്ങിയവർ സംസാരിച്ചു. ശനിയാഴ്ച സമാപിക്കുന്ന ശിൽപ്പശാലയിൽ പ്രഗത്ഭരായ അധ്യാപകർ സംസാരിക്കും.

**ഫോട്ടോ ക്യാപ്ഷൻ:** ശില്പശാലയിൽ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ പ്രഭാഷണം നടത്തുന്നു.

(പി.ആർ.ഒ./39/122 4/2022)

## പുല്ലരിക്കുന്നിലെ പുരാവസ്തു പ്രദർശനം ശ്രദ്ധേയമാകുന്നു

സ്വതന്ത്ര ഇന്ത്യയുടെ ആദ്യ സ്റ്റാമ്പ് മുതൽ തിരുവിതാംകൂർ നാട്ടു രാജ്യത്തെ കാളിയൻ പണം വരെയുള്ള പ്രാചീന പുരാവസ്തു ശേഖരങ്ങളാൽ പുല്ലരിക്കുന്നിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന പ്രദർശനം ശ്രദ്ധേയമാകുന്നു. ശിലായുഗകാലത്തെ ആയുധങ്ങൾ, മൗര്യ കാലത്തെ നാണയങ്ങൾ, തിരുവിതാംകൂർ നാട്ടു രാജ്യത്തെ വീരരായൻ പണം ചക്രം തുടങ്ങിയവയും പ്രദർശനത്തിൽ ഉൾപ്പെടുന്നു. 1947 മുതലുള്ള 75 വ്യത്യസ്ത സ്റ്റാമ്പുകളിലൂടെ സ്വതന്ത്ര ഇന്ത്യയുടെ 75 വർഷത്തെ ചരിത്രം സംഭവങ്ങൾ അനാവരണം ചെയ്യുന്നു. വിദ്യാർത്ഥികൾക്കും, ചരിത്രാന്വേഷികൾക്കും ഈ പ്രദർശനം വലിയ മുതൽക്കൂട്ടാണ്. പ്രദർശനം ഇന്ന് സമാപിക്കും.

**ഫോട്ടോ ക്യാപ്ഷൻ:** പുല്ലരിക്കുന്നിലെ പുരാവസ്തു_പ്രദർശനത്തിൽ നിന്ന്

(പി.ആർ.ഒ./39/1225 /2022)

## പരിസ്ഥിതി ആശങ്കകളെ ഗൗരവമായി കാണേണ്ടതുണ്ട് - ഡോ. മുരളി തുമ്മാരകുടി

കാലാവസ്ഥ വ്യതിയാനങ്ങളും പരിസരമലിനീകരണവും വരുത്തി വയ്ക്കുന്ന പരിസ്ഥിതി ആശങ്കകളെ വളരെ ഗൗരവമായി കാണേണ്ടതുണ്ട് എന്ന പ്രഗത്ഭ ശാസ്ത്രജ്ഞനും യു.എൻ. ന്റെ ജി 20 ഗ്ലോബൽ ഇനീഷ്യേറ്റീവ് ഏകോപനത്തിന്റെ അദ്ധ്യക്ഷനുമായ ഡോ. മുരളി തുമ്മാരകുടി അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസിന്റെ ഓഡിറ്റോറിയത്തിൽ നടന്ന പ്രഭാഷണം സർവ്വകലാശാല പ്രൊ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. കാലാവസ്ഥാ വ്യതിയാനഫലമായുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കേരളത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. കേരളത്തിൽ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിവേഗ വെള്ളപ്പൊക്കങ്ങളും, മണ്ണിടിച്ചിലും ഇതിനുദാഹരണങ്ങളാണ്. ഇതിന്റെയൊക്കെ അളവും, എണ്ണവും അതുണ്ടാക്കുന്ന ആഘാതങ്ങളും ഇനിയും വർദ്ധിക്കുകയേയുള്ളൂ. പ്രത്യേകിച്ചും എറണാകുളവും കുട്ടനാടും പോലുള്ള മേഖലകളിൽ ഇതിനെയൊക്കെ അതിജീവിക്കാൻ നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. നഗര വനവൽക്കരണത്തിന്റെയും പുതിയ രീതിയിലുള്ള സ്ഥല ഉപയോഗത്തിന്റെയും സാധ്യത പരിശോധിക്കപ്പെടണം. വേണ്ട മുൻകരുതലുകൾ സ്വീകരിച്ചില്ലെങ്കിൽ 2050 എത്തുമ്പോഴേക്കും കേരളത്തിന്റെ തീരദേശ പ്രദേളങ്ങളിൽ പലതും നമുക്ക് വാസയോഗ്യമല്ലാതെയാകും. ഏറ്റവും ലാഭവും ഏറ്റവും എളുപ്പവും ഏറ്റവും സൗകര്യവും എന്ന സമീപനം പാരിസ്ഥിതിക വിഷയങ്ങളെ സമീപിക്കുമ്പോൾ പുന:പരിശോധിക്കേണ്ടതുണ്ട്. കേരളത്തിൽ കാലാവസ്ഥാവ്യതിയാനവും മണ്ണിടിച്ചിലും പെട്ടെന്നുള്ള വെള്ളപ്പൊക്കവും ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളെ കൃത്യമായി അടയാളപ്പെടുത്തി ആ പ്രദേശങ്ങളിൽ താമസിക്കുന്ന പൊതു ജനങ്ങളെ ബോധവൽക്കരിക്കുകയും അതിജീവനത്തിന് പാകപ്പെടുത്തുകയും ചെയ്യുക എന്നുള്ളത് അത്യന്താപേക്ഷിതമാണെന്ന് ഡോ. മുരളി തുമ്മാരകുടി സൂചിപ്പിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസും സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസും ചേർന്ന് സംഘടിപ്പിച്ച പരിപാടിയിൽ ബയോസയൻസ് ഡയറക്ടർ പ്രൊഫ. ജിഷ എം.എസ്., എൻവയോൺമെന്റൽ സയൻസസ് പഠന വിഭാഗം ഡയറക്ടർ പ്രൊഫ. ബൈജു കെ.ആർ., ബയോസയൻസസിലെ പ്രൊഫ. ജയചന്ദ്രൻ എന്നിവർ സംസാരിച്ചു,

(പി.ആർ.ഒ./39/1226 /2022)

## പുതുക്കിയ പരീക്ഷാ ടൈംടേബിൾ

അഫിലിയേറ്റഡ് കോളേജുകളിലെ ആഗസ്റ്റ് 24 ന് ആരംഭിച്ച നാലാം സെമസ്റ്റർ എം.എസ്.സി. (സി.എസ്.എസ്. - 2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയോടൊപ്പം കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും എം.എസ്.സി. മൈക്രോബയോളജി പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ പേപ്പറായ 'ലബോറട്ടറി കോഴ്സ് IV' ഒഴിവാക്കിക്കൊണ്ടും ടൈം ടേബിൾ പുന;ക്രമീകരിച്ചു. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1227 /2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്.സി. ബയോകെമിസ്ട്രി/ ബയോഫിസിക്സ് / ബയോടെക്നോളജി പ്രോഗ്രാമുകളിൽ എസ്.സി. സംവരണ വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത സർട്ടിഫിക്കറ്റുകളും അസ്സൽ രേഖകളുമായി ആഗസ്റ്റ് 29 ന് രാവിലെ 11 മണിക്ക് വകുപ്പ് ഓഫീസിൽ എത്തിച്ചേരണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 – 2731035.

(പി.ആർ.ഒ./39 /1228/2022)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എം.എസ്.സി പോളിമർ കെമിസ്ട്രി (2022-2024 ബാച്ച്) കോഴ്സിൽ എസ്.സി. / എസ്.റ്റി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. സി.എ.റ്റി പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി ആഗസ്്റ്റ് 29 ന് നടക്കുന്ന സ്പോട്ട് അഡ്മിഷന് വൈകിട്ട് നാല് മണിക്ക് മുൻപ് വകുപ്പ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481-2731036, 9633583004, ഇ-മെയിൽ: office.scs@mgu.ac.in.

(പി.ആർ.ഒ./39/1229 /2022)

## പ്രാക്ടിക്കൽ പരീക്ഷ

ബി.വോക്. പ്രിന്റിംഗ് ടെക്നോളജി ഒന്നാം സെമസ്റ്റർ (2021 അഡ്മിഷൻ - റഗുലർ), രണ്ടാം സെമസ്റ്റർ (2020 അഡ്മിഷൻ - റഗുലർ / 2018, 2019 അഡ്മിഷൻ - റീ-അപ്പിയറൻസ് / ഇംപ്രൂവ്മെന്റ്) ജൂലൈ 2022 പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 30 മുതൽ നടത്തും. വിശദവിവരങ്ങൾ വെബ്്സൈറ്റിൽ.

(പി.ആർ.ഒ./39/1230 /2022)

## പരീക്ഷാ ഫലം

ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ് പഠനം - സപ്ലിമെന്ററി) മാർച്ച് 2021 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ഓൺലൈനായും 2015 ന് മുൻപുള്ള അപേക്ഷകർക്ക് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ടും സെപ്റ്റംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1231/2022)

ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ് പഠനം - സപ്ലിമെന്ററി) മാർച്ച് 2021 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ഓൺലൈനായി സെപ്റ്റംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1231/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**